നമ്പർ എം.സി.248/2005

എക്സൈസ് സർക്കിൾ ഓഫീസ്
മാനന്തവാടി.
തീയ്യതി. 01.10.2010.

പ്രേഷകൻ

എക്സൈസ് സർക്കിൾ ഇൻസ്പക്ടർ
(പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ),
എക്സൈസ് സർക്കിൾ ഓഫീസ്,
മാനന്തവാടി.

ഗ്രാഹകൻ

Adv.D.B.Binu,
M/s.Cochin Chamber of Lawyers,
2nd Floor of Fathima Plaza,
Providence Road, Kochi-18.

സർ,

വിഷയം- എക്സൈസ് -വിവരാവകാശ നിയമം 2005 അനുസരിച്ചുള്ള അപേക്ഷ-മറുപടി നൽ
ക്കുന്നതു സംബന്ധിച്ച്.

സൂചന- 1. താങ്കൾ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, എക്സൈസ് ഡിപ്പാർട്ട്മെന്റ് അവർകൾക്ക് സമർപ്പിച്ച അപേക്ഷ
2. ബഹു. വയനാട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ (പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, വയനാട്) അവർകളുടെ 25.09.2010 തീയ്യതിയിലെ ഡബ്ളിയു.3-319/10 നമ്പർ കത്ത്.

മേൽ സൂചന 1 ലേക്ക് താങ്കളുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചു കൊള്ളുന്നു. വിവരാവകാശ നിയമം-2005 അനുസരിച്ച് സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ടതായ വിവരങ്ങളിൽ ചോദ്യം നമ്പർ 4, 5 എന്നിവയുടെ ഈ ഓഫീസ് സംബന്ധമായ ഉത്തരങ്ങൾ താങ്കൾക്ക് നേരിട്ട് അയച്ചു തരുവാൻ സൂചന 2 പ്രകാരം നിർദ്ദേശിച്ചിരിക്കയാൽ മേൽ ചോദ്യങ്ങളുടെ ഉത്തരങ്ങൾ താഴെ വിവരം പ്രകാരം ലഭ്യമാക്കി കൊള്ളുന്നു.

ചോദ്യം-4

ഉത്തരം- ഈ ഓഫീസിൽ ലഭ്യമായ എക്സൈസ് മാനുവലിന്റെ (മലയാളം പരിഭാഷ) പത്താം അദ്ധ്യായത്തിലെ ഒരു പേജിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

ചോദ്യം-5

ഉത്തരം- മാനന്തവാടി എക്സൈസ് റേഞ്ച് പരിധിയിൽ ദിവസേന ഉദ്ദേശം 835 ലിറ്റർ കള്ള് ഉൽപ്പാദിപ്പിക്കുകയും, വിറ്റഴിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഈ ഓഫീസിൽ രേഖകൾ ഒന്നും തന്നെ ഇല്ലാത്തതാകുന്നു.

വിശ്വസ്തതയോടെ,

[signature]

എക്സൈസ് സർക്കിൾ ഇൻസ്പക്ടർ
മാനന്തവാടി.